പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആവശ്യക്കാർ റവന്യൂ വകപ്പിന് അപേക്ഷ നൽകേണ്ടതായിട്ടുണ്ട്. അതനുസരിച്ച് ഫയൽ പ്രോസസ്സ് ചെയ്യുന്നതാണ്. ഐ.ടി.ഐ. സ്ഥാപിക്കാൻ ഭൂമി കൊടുക്കുന്നത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. എത്രയുംവേഗം നടപടി സ്വീകരിക്കാനാവശ്യമായ പ്രവർത്തനം നടത്തുന്നതാണ്.

(9) കിംസ് ആശുപത്രി പ്രദേശത്ത് പാർക്കിംഗ് മാൾ

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ വെൺപാലവട്ടത്തുള്ള കിംസ് ആശുപത്രിയിലേക്ക് വരുന്ന ആയിരക്കണക്കിന് വാഹനങ്ങൾ ആശുപത്രി പരിസരത്ത് റോഡിന്റെ രണ്ടുവശത്തുമായി പാർക്ക് ചെയ്തിരിക്കുകയാണ്. ആശുപത്രിയിൽ ആവശ്യത്തിന് പാർക്കിംഗ് ഏര്യയുണ്ട്. എന്നാൽ അതിനെക്കാൾ കൂടുതൽ വാഹനങ്ങളാണ് അവിടെ വരുന്നത്. രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും രോഗികളെ സന്ദർശിക്കാൻ വരുന്നവരുടെയും വാഹനങ്ങൾ ഉൾപ്പെടെ വലിയ വാഹനപ്പെരുപ്പമാണ് അവിടെ ഉണ്ടാകുന്നത്. അത്യാവശ്യമായി ആശുപത്രിയിൽ ഒരു പാർക്കിംഗ് മാൾ നിർമ്മിച്ചാൽ മാത്രമേ ഈ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയുകയുള്ളൂ. ഗതാഗതക്കുരുക്ക് പരിഹരിക്കേണ്ടത് മെഡിക്കൽ കോളേജിന്റെയും ആവശ്യമാണ്. ബൈപ്പാസിലൂടെ കൊണ്ടുവരുന്ന അത്യാഹിത രോഗികളെ എളുപ്പത്തിൽ മെഡിക്കൽ കോളേജിൽ എത്തിക്കാനുള്ള ഫോർലൈൻ റോഡ്, ദേശീയപാതയിൽ വെൽപാലവട്ടത്തുനിന്നും കമാരപുരം വഴി മെഡിക്കൽ കോളേജിലേക്കുള്ളതാണ്. അത്യാഹിത രോഗികളെ മെഡിക്കൽ കോളേജിലേക്കും കിംസ് ആശുപത്രിയിലേക്കും എത്തിക്കുന്നത് ഈ റോഡിലൂടെയാണ്. എന്നാൽ പാർക്കിംഗിന് മറ്റ് സ്ഥലമില്ലാത്തതിനാൽ അവിടെ ചിലപ്പോഴൊക്കെ നാലുവരിയായി വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കും. കിംസ് ആശുപത്രി അതികൃതരെക്കൊണ്ട് പാർക്കിംഗ് മാൾ നിർമ്മിപ്പിക്കണം. അതിന് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് കാര്യമായ പരിശ്രമം നടത്തിയാൽ മാത്രമേ കഴിയുകയുള്ളൂ. ട്രാഫിക് സംവിധാനത്തെക്കൊണ്ട് നിയന്ത്രിക്കാൻ കഴിയുന്നതിനുമപ്പുറമാണ് അവിടത്തെ വാഹനപ്പെരുപ്പം. മെഡിക്കൽ കോളേജിൽ ഉള്ളതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly

പത്തിരട്ടി വാഹനങ്ങളാണ് കിംസ് ആശുപത്രി പ്രദേശത്ത് എത്തുന്നത്. ഇത്തരത്തിലുള്ള ഗുരുതരാവസ്ഥയാണ് എന്റെ നിയോജക മണ്ഡലത്തിലെ വെൺപാലവട്ടം കിംസ് ആശുപത്രി പ്രദേശത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് നേരിട്ട് ഈ സ്വകാര്യ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട് പാർക്കിംഗ് മാൾ ഉണ്ടാക്കി റോഡിൽക്കിടക്കുന്ന വാഹനങ്ങളെ അതിലേക്ക് മാറ്റണം. ഒരു നിലയിൽ കുറഞ്ഞത് 200 വാഹനങ്ങളെങ്കിലും പാർക്ക് ചെയ്യത്തക്ക രീതിയിൽ 2000 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള 10 നില പാർക്കിംഗ് മാൾ നിർമ്മിക്കണം.

മി. സ്പീക്കർ: 10 നിലയുള്ള പാർക്കിംഗ് മാളോ; ഇത് കേരളമാണ്.

ശ്രീ. എം. എ. വാഹീദ്: ഇൻഫോസിസ്സിൽ അത്തരത്തിലുള്ള പാർക്കിംഗ് മാളുണ്ട്. അതുവഴി ഹൈവേയിലെ പാർക്കിംഗ് കുറഞ്ഞിട്ടുണ്ട്. ബാങ്ക് ലോൺ എടുത്താണ് ഇൻഫോസിസ് പാർക്കിംഗ് മാൾ നിർമ്മിച്ചിട്ടുള്ളത്. പാർക്കിംഗിലൂടെ ലഭിക്കുന്ന വരുമാനം ബാങ്കിന് നൽകി കടം തീർക്കുകയാണ്. അതുപോലെ എന്തെങ്കിലും സംവിധാനം ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് നടത്തിയാൽ മാത്രമേ ഈ പ്രദേശത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആവശ്യമായ നടപടി ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വെൺപാലവട്ടം കിംസ് ആശുപത്രി പരിസരത്തെ പാർക്കിംഗ് സൗകര്യങ്ങൾ കണക്കിലെടുത്ത് കിംസ് ആശുപത്രി മാനേജ്മെന്റ് 500 വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയുന്ന സൗകര്യത്തോടുകൂടി ബഹുനില മന്ദിരത്തിന്റെ നിർമ്മാണാനുമതിക്കായി ടൗൺ പ്ലാനിംഗ് വകുപ്പിലോ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെയോ അപേക്ഷകളൊന്നും നൽകിയിട്ടില്ല. കെ.എം.ബി.ആർ. പ്രകാരമാണ് ആശുപത്രി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. അഡീഷണൽ പാർക്കിംഗ് വേണമെന്ന് നിർബന്ധിക്കാൻ കഴിയുകയുമില്ല. എന്നാൽ ഈ പ്രദേശത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly